(ബി) കേന്ദ്ര സഹായമായി 2010-11 മുതൽ വീടൊന്നിന് 45,000 രൂപയുടെ 75 ശതമാനമായ 33,750 രൂപ ലഭിക്കുന്നു.

(സി) നൽകുന്നതാണ്. ഐ.എ.വൈ. പദ്ധതി പ്രകാരവും ഇ.എം.എസ്. ഭവന പദ്ധതി പ്രകാരവും ജനറൽ വിഭാഗക്കാർക്ക് 75,000 രൂപയും പട്ടികജാതി വിഭാഗത്തിന് 1,00,000 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 1,25,000 രൂപയും ലഭ്യമാക്കുന്നതാണ്.

(ഡി) ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദനീയമായ തുകയ്ക്ക് പുറമെ ആവശ്യമായ അധികവിഹിതം ത്രിതല പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ട്, പഞ്ചായത്തുകൾ, ഇ.എം.എസ്. ഭവന പദ്ധതിക്കായി എടുക്കുന്ന വായ്പ എന്നിവയിൽ നിന്നാണ് സമാഹരിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ ഇ.എം.എസ്. ഭവന പദ്ധതി

168 (4792) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ. എം. എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് വീടുകൾ അനുവദിച്ചു എന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ അറിയിക്കുമോ ;

(ബി) ഓരോ പഞ്ചായത്തിലും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്രയെണ്ണത്തിൽ ഇനിയും തീരുമാനമെടുക്കാനുണ്ടെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന

169 (4793) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർയോജന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ കേന്ദ്രവിഹിതം എത്രയെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതിയ്ക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ നാലു വർഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ തുക ചെലവഴിച്ച തുക എന്നിവയുടെ വിശദാശം ലഭ്യമാക്കുമോ ;

(ഡി) പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക്തല വിശദാംശം ലഭ്യമാക്കാമോ ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എസ്.ജി.എസ്.വൈ. പദ്ധതി ഒരു സമഗ്ര സ്വയം തൊഴിൽ പദ്ധതിയാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ അംഗങ്ങളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിക്കുക, അവർക്ക് ആവശ്യമായ പരിശീലനം, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള വായ്പ, സബ്സിഡി എന്നിവ ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ, വിപണന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഗുണഭോക്താക്കളായിത്തീരുന്ന സ്വയം തൊഴിൽ സംരംഭകരുടെ കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് മേലെ ഉയർത്തുകയാണ് പദ്ധതി ലക്ഷ്യം.

(ബി) പദ്ധതിയുടെ കേന്ദ്രവിഹിതം 75% ആണ്.

(സി) പദ്ധതിക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ സംസ്ഥാന വിഹിതം, സംസ്ഥാന വിഹിതമായി ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വർഷം	സംസ്ഥാന പദ്ധതി വിഹിതം	രൂപ ലക്ഷത്തിൽ ചെലവഴിച്ച തുക
2006-07	1288.00	664.93
2007-08	1288.00	1007.56
2008-09	1600.00	1199.05
2009-10	1930.00	1272.84

(ഡി) പദ്ധതി പ്രകാരം കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും വയനാട് ജില്ലയിൽ ചെലവഴിച്ച തുകയുടെ താലൂക്ക് തല വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകൾ

170 (4794) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡുകൾക്കായി നബാർഡ് ആർ. ഐ. ഡി. എഫ് പദ്ധതിയിൽ 2006-10 വരെ വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ ഭരണാനുമതി ലഭിച്ച റോഡുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly